"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ താത്കാലികമായി അനുവദിച്ച നാല് തസ്തികകൾക്ക് 02/01/2024 മുതൽ 01/01/2025 വരെ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.151/2024/Co-Op തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. 20/07/2019-ലെ സ.ഉ. (സാധാ) നം. 452/2019/സഹ
2. 22/12/2021-ലെ സ.ഉ.(സാധാ) നം. 736/2021/സഹ
3. 07/11/2022-ലെ സ.ഉ.(സാധാ) നം. 722/2022/സഹ
4. 03/03/2023 ലെ സ.ഉ(സാധാ)നം.77/2023/സഹ
5. സഹകരണ സംഘം രജിസ്ട്രാറുടെ 30.03.2022 ലെ സി.എൽ.റ്റി.(3)2996/2022 നമ്പർ കത്ത്.

**ഉത്തരവ്**

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ വർദ്ധിച്ചു വരുന്ന ജോലിഭാരവും സ്ഥിരം ജീവനക്കാരുടെ അപര്യാപ്തതയും കണക്കിലെടുത്ത് ദൈനംദിന ജോലികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിലേക്കായും പരീക്ഷാ ജോലികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി ഒരു സിസ്റ്റം അഡ്്മിനിസ്ട്രേറ്റർ തസ്തികയും മൂന്ന് ക്ലറിക്കൽ തസ്തികയും താൽക്കാലിക വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം താൽക്കാലിക വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിയ തസ്തികകളുടെ കാലാവധി പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം 31/12/2022 വരെ നിജപ്പെടുത്തി ഉത്തരവായിരുന്നു.

2) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ താത്കാലികമായി നിയമിച്ചിരുന്ന വ്യക്തി 15/06/2022 ന് പരീക്ഷാ ബോർഡിൽ നിന്നും വിടുതൽ ചെയ്തതിനാൽ, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ ഓൺലൈൻ സോഫ്ററ് വെയർ ഡെവലപ്മെന്റ് നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഓൺലൈൻ സോഫ്റ്റ് വെയർ പ്രകാരം പരീക്ഷാ നടപടികൾ നടത്തുമ്പോൾ നിയന്ത്രിക്കുന്നതിനായി സ്ഥിരമായി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ഒരു ജീവനക്കാരൻ അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ, ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക സ്ഥിരമായി അനുവദിച്ച് നൽകുന്നതിനോ അല്ലെങ്കിൽ

താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ അഞ്ച് വർഷത്തേയ്ക്ക് അനുവദിച്ച് നൽകണമെന്നുമുള്ള സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശ പരിഗണിച്ച് പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം നിശ്ചിത യോഗ്യതയും അഞ്ച് വർഷത്തെ പ്രവർത്തി പരിചയവുമുള്ളയാളെ 40000/- രൂപ (കൺസോളിഡേറ്റഡ്) ശമ്പളത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കാൻ അനുമതി നൽകിയിരുന്നു.

3) താത്കാലികമായി അനുവദിച്ച മൂന്ന് ക്ലറിക്കൽ തസ്തികയുടേയും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയുടേയും കാലാവധി, പരാമർശം നാലിലെ ഉത്തരവ് പ്രകാരം, 01/01/2023 മുതൽ 31/12/2023 വരെ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. പരീക്ഷാ ബോർഡിൽ ഏറ്റവും പ്രധാന്യമേറിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ടി തസ്തികകൾ പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണെന്നും, താത്കാലികമായി അനുവദിച്ച മൂന്ന് ക്ലറിക്കൽ തസ്തികക്കും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികക്കും തുടർച്ചാനുമതി നൽകണമെന്ന് സഹകരണ പരീക്ഷാ ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായെന്നും നാല് തസ്തികകൾക്കും തുടർച്ചാനുമതി നൽകാവുന്നതാണെന്നും പരാമർശം അഞ്ചിലെ കത്തിൽ സഹകരണ സംഘം രജിസ്ട്രാർ അഭിപ്രായം അറിയിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ, പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം താത്കാലികമായി അനുവദിച്ച മൂന്ന് ക്ലറിക്കൽ തസ്തികയുടേയും പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കാൻ അനുമതി നൽകിയ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയുടേയും കാലാവധി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, നിലവിലെ കരാർ കാലാവധി കഴിഞ്ഞ് ഒരു ദിവസത്തെ ഇടവേള നൽകി കരാർ വ്യവസ്ഥയിൽ 02/01/2024 മുതൽ 01/01/2025 വരെ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

വ്യവസ്ഥകൾ

(I) ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ധനകാര്യ (വ്യയം-സി) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 26/02/2016 ലെ സ.ഉ(പി) നം.28/2016/ധന, 28/04/2017 ലെ സ.ഉ(പി) നം.56/2017/ധന, 21/07/2018 ലെ സ.ഉ.(പി) നം. 112/2018/ധന, 09/07/2019 ലെ സ.ഉ(പി) 81/2019/ധന, 11/02/2021- ലെ സ.ഉ(പി) നം.29/2021/ധന എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(ii) "സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്."

(iii) സാമ്പത്തിക ബാധ്യത പരീക്ഷാ ബോർഡിന്റെ തനതു വരുമാനത്തിൽ നിന്നും വഹിക്കണം.

(iv) വീണ്ടും പ്രസ്തുത തസ്തികകളിലെ സേവനം ആവശ്യമായി വരികയാണെങ്കിൽ എംപ്ളോയ്മെന്റ് വഴി പുതിയ ഉദ്യോഗാർത്ഥികൾക്ക് അവസരം ഉറപ്പുവരുത്തണ◌ം. അതിനായി മൂന്നു മാസം മുമ്പായി എംപ്ലോയ്മെന്റ് വഴിയുള്ള തെരഞ്ഞെടുക്കൽ പ്രക്രിയ സഹകരണ സംഘം രജിസ്ട്രാർ ആരംഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ( അഗ്രി-എ) വകുപ്പ് (2667412/Agri-A2/13/2024-FIN)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jithesh B K
Date: 16-03-2024 14:53:29
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്